# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 146.

21..3..2012-ൽ മറുപടിക്ക്

## മിൽമയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ,<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ),<br>ശ്രീ. ബി.ഡി. ദേവസ്സി,<br>ശ്രീ. എസ്. രാജേന്ദ്രൻ. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) മിൽമയ്ക്ക് വില്പനയ്ക്കാവശ്യമായ പാൽ മുഴുവനും സംസ്ഥാനത്തു നിന്നു സംഭരിക്കാൻ കഴിയുന്നുണ്ടോ; | (എ) ഇല്ല. ഇപ്പോൾ പാലിന്റെ പ്രതിദിന വില്പന ഏകദേശം 12.0 ലക്ഷം ലിറ്ററും ആഭ്യന്തര സംഭരണം ഏകദേശം 8.00 ലക്ഷം ലിറ്ററുമാണ്. ആയതിനാൽ പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പാൽ വിതരണത്തിനുമായി പ്രതിദിനം ഏകദേശം 4.00 ലക്ഷം ലിറ്റർ പാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നുണ്ട്. |
| (ബി) മിൽമയുടെ പ്രതിദിന ചെലവ് സംബന്ധിച്ച് വ്യക്തമാക്കാമോ; | (ബി) മിൽമയുടെ പ്രതിദിന ചെലവ് താഴെ ക്കൊടുക്കും പ്രകാരമാണ്.<br>ഫെഡറേഷൻ - 77.12 ലക്ഷം രൂപ<br>തിരുവനന്തപുരം മേഖലാ യൂണിയൻ - 148.99 ലക്ഷം രൂപ<br>എറണാകുളം മേഖലാ യൂണിയൻ - 93.00 ലക്ഷം രൂപ<br>മലബാർ മേഖലാ യൂണിയൻ - 31.93 ലക്ഷം രൂപ<br>പ്രതിദിന ചെലവിലുള്ള അന്തരം എറണാകുളം, തിരുവനന്തപുരം യൂണിയനുകൾ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ വിലയാണ്. |
| (സി) മിൽമ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; | (സി) മിൽമ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |

| | |
|---|---|
| (ഡി) പാൽ വില വർദ്ധനയ്ക്ക് ശേഷം മിൽമയുടെ ലാഭം വർദ്ധിപ്പിക്കു വാൻ കഴിഞ്ഞിട്ടുണ്ടോ; | (ഡി) പാൽവില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ച പ്പോൾ 4 രൂപ 20 പൈസ ക്ഷീരകർഷ കനും, 20 പൈസ സംഘങ്ങൾക്കും, 20 പൈസ മേഖലായൂണിയനുകൾക്കും, 20 പൈസ പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധനവിന് നേരിടുന്നതിനും, 20 പൈസ ഡീലർ കമ്മിഷനുമായിട്ടാണ് നിശ്ചയിക്കപ്പെട്ടി ട്ടുള്ളത്. പാൽ വില വർദ്ധിച്ചപ്പോൾ മിൽമക്കും ലാഭമുണ്ടായിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമപദ്ധതികളിലൂടെ മിൽമ യുടെ ലാഭം ക്ഷീരകർഷകന് തിരിച്ച് നല്കുന്നുണ്ട്. |
| (ഇ) മിൽമ പാലിന്റെയും പാലുല്പന്ന ങ്ങളുടെയും ഉല്പാദനത്തിനായി പാൽപ്പൊടി എത്രത്തോളം ഉപ യോഗിക്കുന്നു എന്ന് വിശദ മാക്കാമോ? | (ഇ) പാലിന്റെ ആഭ്യന്തരസംഭരണത്തിലും അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഭ്യതയിലും ഉണ്ടായ വർദ്ധനവ് കാരണം ഇപ്പോൾ പാൽപ്പൊടി ഉപയോഗിച്ച് പാൽ പുനർ നിർമ്മിക്കുന്നത് കുറവാണ്. പാലുത്പാദനം കുറവുള്ള ജനുവരി മുതൽ മെയ് മാസം വരെ പ്രതിദിനം ശരാശരി 3200 കിലോഗ്രാം ഗുണനിലവാരമുള്ള പാൽപ്പൊടി പാൽ പുനർനിർമ്മാണത്തി നായി ഉപയോഗിച്ചു. വിപണിയിൽ പാൽ ലഭ്യത സുഗമമാക്കാൻ വേണ്ടി യാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇതിന് പുറമെ പാലിലെ എസ്.എൻ.എഫിന്റെ കുറവ് നികത്തുന്നതിനായി ശരാശരി പ്രതിദിനം 6000 കിലോഗ്രാം പാൽപ്പൊടി ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.